# കേരള സർവകലാശാല

നം. പി.ആർ.042/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ ട്രാവൽ ആൻഡ് ടൂറിസം (2014 സ്കീം - റഗുലർ മാത്രം - ഇലക്ടീവ് വിഷയങ്ങൾ) പരീക്ഷയിൽ ഏപ്രിൽ അഞ്ച് മുതൽ നടക്കുന്ന പരീക്ഷകൾ പുന:ക്രമീകരിച്ചു. ഏപ്രിൽ നാലിന് നടത്തുന്ന പരീക്ഷയ്ക്ക് മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ ഓണേഴ്സ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 18-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ 'തീയേറ്റർ പെർഫോമൻസ്' പരീക്ഷ മാർച്ച് 31 വൈകുന്നേരം 3.30-ന് ഗവ. വിമൻസ് കോളേജിൽ നടത്തും.

### ബി.എ മലയാളം & മാസ് കമ്മ്യൂണിക്കേഷൻ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എ മലയാളം & മാസ് കമ്മ്യൂണിക്കേഷൻ (116 - 2013 സ്കീം, 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 13 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### ബി.എ.എസ്.എൽ.പി ഫലം : ഒന്നാം റാങ്ക് രഞ്ജിതയ്ക്ക്

കേരള സർവകലാശാല മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പരീക്ഷയുടെ ഒന്നാം റാങ്ക് രഞ്ജിത പി (രജി.നം 1415) നേടി. നേരത്തെ പ്രഖ്യാപിച്ചിരുന്ന സ്മിനി ന്യൂട്ടന്റെ ഒന്നാം റാങ്ക് രണ്ടാം റാങ്കിലേക്ക് മാറ്റി.

### ബി.എസ്സി ഇലക്ട്രോണിക്സ് പ്രോജക്ട്/വൈവ

കേരള സർവകലാശാല കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രോജക്ട്/വൈവ ഏപ്രിൽ 19-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ടി വി ന്യൂസ് റീഡിംഗ് & കോംപയറിംഗ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ടിവി ന്യൂസ് റീഡിംഗ് ആൻഡ് കോംപയറിംഗ് കോഴ്സിന് ഏപ്രിൽ എട്ട് വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. ഫീസ് 10,000/- രൂപ. കാലാവധി മൂന്ന് മാസം. പ്രായപരിധിയില്ല. ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ ക്ലാസുകൾ നടത്തും. ഫോൺ 0471-2302523.

## ബി.ടെക് (2008 സ്കീം) പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ എട്ട് (50 രൂപ പിഴയോടെ ഏപ്രിൽ 12, 250 രൂപ പിഴയോടെ ഏപ്രിൽ 15) വരെ അപേക്ഷിക്കാം.

എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - ട്രാൻസിറ്ററി, 2008 സ്കീം - 2004 അഡ്മിഷൻ വരെയുള്ള മേഴ്സി ചാൻസ് വിദ്യാർത്ഥികൾ, 2008 സ്കീം - സെഷണൽ മാർക്ക് ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികൾ) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ എട്ട് (50 രൂപ പിഴയോടെ ഏപ്രിൽ 12, 250 രൂപ പിഴയോടെ ഏപ്രിൽ 15) വരെ അപേക്ഷിക്കാം. ട്രാൻസിറ്ററി വിദ്യാർത്ഥികൾ അപേക്ഷ സർവകലാശാല ഓഫീസിൽ നേരിട്ട് സമർപ്പിക്കണം. പരീക്ഷാതീയതി പിന്നീട് അറിയിക്കും. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിൽ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - റഗുലർ - 2008 സ്കീം ഫോർ 2012 അഡ്മിഷൻ), ആറാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2008 സ്കീം - റഗുലർ & സപ്ലിമെന്ററി - 2012 & 2013 അഡ്മിഷൻ), നാല്, രണ്ട് സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2008 സ്കീം സപ്ലിമെന്ററി - 2012 & 2013 അഡ്മിഷൻ) പരീക്ഷകൾക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി അപേക്ഷിക്കാം. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ എട്ട് (50 രൂപ പിഴയോടെ ഏപ്രിൽ 12, 250 രൂപ പിഴയോടെ ഏപ്രിൽ 15) വരെയും അപേക്ഷിക്കാം.

എട്ട്, ആറ്, നാല്, രണ്ട് സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് - 2008 സ്കീം - സപ്ലിമെന്ററി - 2010 & 2011 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ എട്ട് (50 രൂപ പിഴയോടെ ഏപ്രിൽ 12, 250 രൂപ പിഴയോടെ ഏപ്രിൽ 15) വരെ അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200/- + ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 30 രൂപ) അടയ്ക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾ സി.വി ക്യാമ്പ് ഫീസായി പേപ്പർ ഒന്നിന് 50 രൂപയും (പരമാവധി 200 രൂപ) 30 രൂപ ഓൺലൈൻ രജിസ്ട്രേഷൻ ഫീസായും അടയ്ക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
30.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098